**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1676** **02-02-2024 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് സൗജന്യ വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകിയ ഇനത്തിൽ കൃഷിവകുപ്പ് കെ.എസ്.ഇ.ബി.ക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **ചെറുകിട നാമമാത്ര കർഷകർക്കുള്ള സൗജന്യ വൈദ്യുതി പദ്ധതിയിൽ ഉൾപ്പെട്ടുത്തി ജില്ലകളിൽനിന്നും ശേഖരിച്ച വിവരം അനുസരിച്ച് കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം 2017-18 വർഷം മുതൽ 2022-23 വരെ കെ.എസ്.ഇ.ബി യ്ക്ക് 8553.599 ലക്ഷം രൂപ കുടിശ്ശിക തുകയായി നിലനിൽക്കുന്നു.** |
| (ബി) | വകുപ്പ് കുടിശ്ശിക നൽകാത്തതിനാൽ കെ.എസ്.ഇ.ബി. കർഷകർക്ക് നേരിട്ട് നോട്ടീസ് അയച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സൗജന്യമായി കർഷകർക്ക് വൈദ്യുതി നൽകുമെന്ന വാഗ്ദാനത്തിന്റെ പേരിൽ കണക്ഷൻ എടുത്ത കർഷകരെ കൂടുതൽ പ്രതിസന്ധിയിലേക്ക് നയിക്കാതിരിക്കാൻ അടിയന്തരമായി പ്രസ്തുത കുടിശ്ശിക അടക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | കർഷകരെ പ്രതിസന്ധിയിലാക്കുന്ന നടപടികൾ ഉണ്ടായിട്ടില്ല.<br><br>20.07.2021 വരെയുള്ള (DBT സ്കീമിൽ ഉൾപ്പെട്ട) കാർഷിക ഉപഭോക്താക്കളുടെ OTS -ൽ ഉൾപ്പെടുത്താവുന്ന തുകയായി കെ.എസ്.ഇ.ബി യ്ക്ക് നൽകേണ്ടതായുള്ള കുടിശ്ശിക, മുതൽ തുകയായി **71.88 കോടി രൂപയും** OTS പ്രകാരമുള്ള പലിശയായ **11.33 കോടി രൂപയും** ഉൾപ്പെടെ ആകെ **83.21 കോടി രൂപ** അനുവദിക്കണമെന്നുള്ള ശിപാർശ ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്. വിഷയത്തിൽ വൈദ്യുതി വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തുകയും കർഷകരുടെ വൈദ്യുതി വിച്ഛേദിക്കുന്ന സാഹചര്യം ഒഴിവാക്കണമെന്ന് യോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ